വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 MAY 2022





## ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ

# പഞ്ചായത്ത് തല ബോധവൽക്കരണ ക്യാമ്പയിനു തുടക്കം

സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി  സംഘടിപ്പിക്കുന്ന പഞ്ചായത്ത് തല ബോധവൽക്കരണ ക്യാമ്പയിനു തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ പഞ്ചായത്തിൽ 2022 മെയ് 6ന് തുടക്കം കുറിച്ചു. ക്യാമ്പയിന്റെ  സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. എം. ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിച്ചു. ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പ്രസ്തുത ചടങ്ങിൽ ഓൺലൈനിലൂടെ അദ്ധ്യക്ഷത വഹിച്ചു.

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താൽപര്യമുള്ള ആളുകൾക്ക് 2022 മെയ് മാസത്തിൽ പൊതു ബോധവൽക്കരണം നടത്താനും തുടർന്ന് താൽപര്യപ്പെട്ടു വരുന്ന ആളുകൾക്ക് ജൂൺ മാസത്തിൽ ലൈസൻസ്/ലോൺ/ സബ്സിഡി മേളകൾ സംഘടിപ്പിച്ചുകൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും, ലോണും, സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള  നടപടികൾ  സ്വീകരിക്കുക എന്നതുമാണ് ക്യാമ്പയിനുകൾ വഴി ലക്ഷ്യമിടുന്നത്.

'സംരംഭക വർഷത്തിലൂടെ  ഉത്പാദന വിതരണ സംവിധാനത്തിലേക്ക് ലക്ഷക്കണക്കിന് ആളുകളെ അണിനിരത്തുന്നതിലൂടെ നമ്മുടെ സമ്പദ് വ്യവ്സഥയിൽ കാതലായ മാറ്റമുണ്ടാകും. വിവിധ വകുപ്പുകളിലൂടെ ഫലപ്രദമായ ഇടപെടൽ നടത്തികൊണ്ട് സ്വന്തം സംരംഭങ്ങൾക്ക് പൊതുജനങ്ങളെ പ്രാപ്തരാക്കി തൊഴിൽദാതാക്കളാക്കാനും  കേരളം അഭിമുഖീകരിക്കുന്ന  തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാനും ഈ ബൃഹത് പദ്ധതിയിലൂടെ നമുക്ക് സാധിക്കും'. ഉദ്ഘാടന പ്രസംഗത്തിൽ ബഹു. മന്ത്രി ശ്രീ. എം. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

'കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനും വേണ്ടി ഇന്റേണിനെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേൺസിന്റെ നേതൃത്വത്തിൽ ഈ പ്രക്രിയ തുടർന്ന് കൊണ്ട് ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള  എല്ലാവർക്കും  സംരംഭകത്വത്തിലേക്കു വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാണ് ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നതെന്ന്'. ബഹു. മന്ത്രി ശ്രീ. പി. രാജീവ് അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

ബഹു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ വിശിഷ്ടാതിഥി പദവി അലങ്കരിച്ച ചടങ്ങിൽ  ബഹു. കാട്ടാക്കട നിയമസഭാംഗം ശ്രീ. ഐ. ബി സതീഷ് സ്വാഗതം ആശംസിച്ചു. ബഹു. നേമം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. എസ്.കെ പ്രീജ, ബഹു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ  സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. വിളപ്പിൽ രാധാകൃഷ്ണൻ, ബഹു. പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. റ്റി. മല്ലിക, ബഹു.  നേമം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. എ.റ്റി മനോജ്, ബഹു. പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ കുമാരി അനുശ്രീ എസ്.ആർ എന്നിവർ ആശംസകൾ അറിയിച്ചു. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്, വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ.കെ സുധീർ മറ്റ്  ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

വ്യവസായ വാണിജ്യ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. രാജീവ് ജി, മുൻ പഞ്ചായത്തു വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സോമൻ കെ, മുൻ വ്യവസായ വാണിജ്യ വകുപ്പ് ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ. എൻ.സി അനിൽ കുമാർ എന്നിവർ 'ഒരു വർഷം കൊണ്ട് ഒരു  ലക്ഷം സംരംഭങ്ങൾ - സാധ്യതകൾ', 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്', 'കുറഞ്ഞ മുതൽ മുടക്കിൽ ആരംഭിക്കുവാൻ കഴിയുന്ന സംരംഭങ്ങൾ എന്നീ വിഷയങ്ങളിലെ  ക്ലാസുകൾക്ക് നേതൃത്വം നൽകി.

# പുന്നപ്ര ബഹുനില വ്യവസായ സമുച്ചയത്തിന്റെ ഉദ്ഘാടനവും

## വിവിധോദ്ദേശ്യ വ്യാപാര പ്രോത്സാഹന കേന്ദ്രത്തിന്റേയും ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും നിർമ്മാണ ഉദ്ഘാടനവും നിർവ്വഹിച്ചു

ആലപ്പുഴ ജില്ലയിലെ പുന്നപ്ര ബഹുനില വ്യവസായ സമുച്ചയത്തിന്റെ ഉദ്ഘാടനവും, വിവിധോദ്ദേശ്യ വ്യാപാര പ്രോത്സാഹന കേന്ദ്രത്തിന്റേയും ജില്ലാ വ്യവസായ കേന്ദ്രത്തിന്റേയും നിർമ്മാണ ഉദ്ഘാടനവും പുന്നപ്ര വ്യവസായ എസ്റ്റേറ്റിലെ ബഹുനില വ്യവസായ സമുച്ചയത്തിന്റെ അങ്കണത്തിൽ വെച്ച് ബഹു.വ്യവസായ കയർ നിയമ വകുപ്പു മന്ത്രി ശ്രീ.പി.രാജീവ് 2022 മെയ് 9-ാം തീയതി വൈകിട്ട് 4 മണിയ്ക്ക് നിർവ്വഹിച്ചു. .



ജില്ലയിൽ വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിലാണ് ബഹുനില വ്യവസായ എസ്റ്റേറ്റ് എന്ന ആശയത്തിൽ സമുച്ചയം നിർമ്മിച്ചത്. പുന്നപ്ര വ്യവസായ എസ്റ്റേറ്റിൽ 4251 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടി നിർമ്മാണം പൂർത്തിയാക്കിയ ഗാലയിൽ മൂന്ന് നിലകളിലായി 37 മുറികൾ സംരംഭങ്ങൾക്ക് അനുവദിച്ചു നൽകുന്നതിനായി ഒരുക്കിയിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ 15 കോടി രൂപയുടെ നിക്ഷേപവും, 750 ആളുകൾക്ക് തൊഴിലവസരവും ഗാലയിലെ സംരംഭങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ആലപ്പുഴ നഗരത്തിന്റെ ഹൃദയഭാഗത്തായി 89 സെന്റ് ഭൂമിയിൽ 4180 ചതുരശ്ര മീറ്റർ വിസ്തൃതിയിലാണ് വിവിധോദ്ദേശ്യ വ്യാപാര പ്രോത്സാഹന കേന്ദ്രത്തിന്റേയും, ജില്ലാ വ്യവസായ കേന്ദ്രത്തിന്റേയും നിർമ്മാണമാരംഭിക്കുന്നത്.

സംരംഭങ്ങളുടെയും പരമ്പരാഗത മേഖലയുടെയും ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും സ്ഥിര വേദി ഒരുക്കുക എന്ന ലക്ഷ്യത്തോടു കൂടി സ്ഥാപിക്കുന്ന വിവിധോദ്ദേശ വ്യാപാര പ്രോത്സാഹന കേന്ദ്രത്തിൽ സംരംഭക സഹായ സ്ഥാപനങ്ങൾ, പരമ്പരാഗത വ്യവസായ പ്രോത്സാഹന സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനത്തിനും വേദി ഒരുങ്ങും. എക്സിബിഷൻ ഹാൾ, സെമിനാർ ഹാൾ, കോൺഫറൻസ് ഹാൾ, ഓഫീസ് മുറികൾ എന്നിവയ്ക്കും സൗകര്യമൊരുക്കുന്ന ഈ കേന്ദ്രം ഒരു എം.എസ്.എം.ഇ ഹബ്ബ് ആയി മാറും.

ചടങ്ങിൽ ബഹു. അമ്പലപ്പുഴ എം.എൽ.എ ശ്രീ.എച്ച്.സലാം അധ്യക്ഷത വഹിച്ചു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.എ.പി.എം.മുഹമ്മദ് ഹനീഷ് ഐ.എ.എസ്, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷീബാ രാകേഷ് , പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.സജിതാ സതീശൻ, ഗ്രാമ പഞ്ചായത്ത് അംഗം ശ്രീ.വിശാഖ് വിജയൻ, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ.കെ.സുധീർ, കിറ്റ്കോ മാനേജിംഗ് ഡയറക്ടർ ശ്രീ.ഡബ്ല്യു.ആർ ഹരിനാരായണ രാജ്, കെ.എസ്.എസ്.ഐ.എ ആലപ്പുഴ ജില്ലാ പ്രസിഡന്റ് ശ്രീ.വി.കെ.ഹരിലാൽ, വാടയ്ക്കൽ ഇൻഡസ്ട്രിയൽ അസോസിയേഷൻ പ്രസിഡന്റ് ശ്രീ.പി.വി.രാജ്കുമാർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ.സി.ഒ.രഞ്ജിത്ത് തുടങ്ങിയർ പങ്കെടുത്തു.



# കേരള റബ്ബർ ലിമിറ്റഡിന്

## വെള്ളൂരിൽ തറക്കല്ലിട്ടു




വ്യവസായ വകുപ്പിന്റെ പുതിയ സംരംഭമായ കേരള റബ്ബർ ലിമിറ്റഡിന് കോട്ടയം ജില്ലയിലെ വെള്ളൂരിൽ തറക്കല്ലിട്ടു. റബ്ബർ അധിഷ്ഠിത മൂല്യ വർധിത ഉത്പന്നങ്ങളുടെ നിർമ്മാണം ലക്ഷ്യം വെക്കുന്ന വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ലാറ്റക്റ്റ് അധിഷ്ഠിത ഉത്പന്നങ്ങളുടെ ഹബ്ബാക്കി മാറ്റുന്നതിനുമാണ് കേരള റബ്ബർ ലിമിറ്റഡിലൂടെ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. റബർ മേഖലയിലെ കർഷകർ, സംരംഭകർ, സംഘടനാ പ്രതിനിധികൾ തുടങ്ങിയവരുടെ പിന്തുണയോടെയാണ് കമ്പനിയുടെ പ്രവർത്തനം. നിലവാരമുള്ള റബർ ഉത്പാദിപ്പിക്കുന്നതിന് കർഷകർക്ക് സാങ്കേതിക സഹായവും മൂല്യവർധിത ഉത്പന്ന നിർമാണത്തിന് സംരംഭകർക്ക് പൊതുവായ സൗകര്യങ്ങളും ലഭ്യമാക്കും. റബർ ടെസ്റ്റിങ്, അക്കാദമിക് ലിങ്കേജ്, സാമ്പത്തിക സ്ഥാപനങ്ങളുടെ പിന്തുണ എന്നിവ സംരംഭകർക്ക് ഉറപ്പാക്കും.

3 ഘട്ടങ്ങളിലായി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിക്ക് 1050 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനൊപ്പം റബ്ബർ കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടാനും കേരള റബ്ബർ ലിമിറ്റഡ് കാരണമാകും. സ്വാഭാവിക റബ്ബറിന്റേയും വ്യാവസായികാടിസ്ഥാനത്തിലുള്ള റബ്ബർ ഉൽപന്നങ്ങളുടേയും നിർമ്മാണത്തിനും ഉൽപാദനത്തിനും ഏറ്റവും അനുയോജ്യമായ ഒന്നായാകും കമ്പനിയുടെ പ്രവർത്തനം.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.